(7 pages) **Reg. No. : ..............................**

**Code No. : 12429** **Sub. Code : C 1 MY 51**

U.G. (CBCS) DEGREE EXAMINATION,
NOVEMBER 2021

First Semester

Part I — Malayalam

Paper I — DRISHYAKALA SAHITHYAM –
CLASSICAL AND MODERN THEATRE/CINEMA
LITERATURE

(For those who joined in July 2021 onwards in the B.Com./B.B.A./B.C.A./B.Sc., Computer Science/Information Technology/Software/Costume Design/Fashion Technology/Electronics and Communication/Hotel Management Courses Only)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ലങ്കാലക്ഷ്മി എന്ന നാടകത്തിന്റെ രചയിതാവാര്?

   (a) എൻ. കൃഷ്ണപിള്ള

   (b) സി.എൻ. ശ്രീകണ്ഠൻ നായർ

   (c) എൻ.എൻ. പിള്ള

   (d) തിക്കൊടിയൻ

2. സദാരാമ എന്ന സംഗീതനാടകത്തിന്റെ രചയിതാവാര്?

(a) ഇ.എം. കോവൂർ

(b) കെ.സി. കേശവപിള്ള

(c) സി.വി. രാമൻപിള്ള

(d) ഈ.വി. കൃഷ്ണപിള്ള

3. താഴെക്കൊടുത്തിരിക്കുന്നവയിൽ അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത സിനിമയേത്?

(a) ഇന്നലെ (b) വെങ്കലം

(c) കടവ് (d) നിഴൽക്കുത്ത്

4. മലയാളത്തിലെ ആദ്യത്തെ ബോക് ഓഫീസ് ഹിറ്റ് സിനിമ ഏതാണ്?

(a) ജീവിതനൗക (b) ബാലൻ

(c) കാട്ടുമല്ലിക (d) നീലക്കുയിൽ

5. ഭടജനങ്ങടെ നടുവിലുള്ളൊരു
പടയണിക്കിഹചേരുവാൻ
വടിവിയന്നൊരു ചാരുകേരളഭാഷ
തന്നെചിതം വരൂ

ആരുടെ വരികൾ?

(a) ഉണ്ണായി വാര്യർ

(b) കുഞ്ഞിക്കുട്ടൻ തമ്പുരാൻ

(c) കുഞ്ചൻ നമ്പ്യാർ

(d) പുനം നമ്പൂതിരി

6. വൈക്കം മുഹമ്മദ് ബഷീറിന്റെ നീലവെളിച്ചം എന്ന കഥ സിനിമയായപ്പോൾ നൽകിയ പേര്

(a) നീലക്കുയിൽ (b) ഭാർഗ്ഗവീനിലയം

(c) നിർമ്മല (d) മതിലുകൾ

7. മറക്കുടയ്ക്കുള്ളിലെ മഹാനരകം എന്ന നാടകത്തിന്റെ രചയിതാവ്

(a) പ്രേംജി

(b) തോപ്പിൽ ഭാസി

(c) എം.ആർ. ഭട്ടതിരിപ്പാട്

(d) വി.ടി ഭട്ടതിരിപ്പാട്

8. തെയ്യത്തിനു മുമ്പായി നടത്തുന്ന അനുഷ്ഠാനം

(a) വെള്ളാട്ടം

(b) മുടിയെടുക്കൽ

(c) ആത്മം കൊടുക്കൽ

(d) കലാശം

9. മലയാളത്തിലെ ആദ്യത്തെ സിനിമ ഏത്?

(a) വിഗതകുമാരൻ

(b) ന്യൂസ് പേപ്പർ ബോയ്

(c) ബാലൻ

(d) നീലക്കുയിൽ

10. നളചരിതത്തിന് കാന്താരതാരകം എന്ന വ്യാഖ്യാനം എഴുതിയതാര്?

(a) എം.എച്ച്. ശാസ്ത്രികൾ

(b) ചേലനാട്ട് അച്യുതമേനോൻ

(c) ഏ.ആർ. രാജരാജവർമ്മ

(d) ആർ. നാരായണപ്പണിക്കർ

PART B — (5 × 5 = 25 marks)

250 വാക്കിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. (a) ഇതിഹാസകഥാപാത്രങ്ങളെ അവതരിപ്പിക്കുമ്പോഴും സാധാരണക്കാരുടെ ജീവിതപ്രശ്നങ്ങളും രീതികളും തുള്ളലിൽ അവതരിപ്പിച്ചതെന്തുകൊണ്ട്?

അല്ലെങ്കിൽ

(b) തെയ്യം എന്ന കലാരൂപത്തെക്കുറിച്ച് എഴുതുക.

12. (a) കഥകളിയിലെ വേഷങ്ങളെക്കുറിച്ച് വിശദീകരിക്കുക.

അല്ലെങ്കിൽ

(b) സംസ്കൃതനാടകങ്ങളുടെ വിവർത്തനം മലയാളത്തിലുണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം?

13. (a) കുലവധൂനാം കോപമാകാ

പലരില്ലേ ലോകസാക്ഷികൾ - സന്ദർഭവും ആശയവും വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) കന്യകയെ ഗുണവാനായ വരനു കൊടുക്കണം എന്നാണ് അച്ഛന് മുഖ്യസങ്കല്പം - ആരുടെ വാക്കുകൾ ? വിശദമാക്കുക.

14. (a) മലയാള സിനിമയുടെ ആദ്യകാലത്തെക്കുറിച്ച് ചുരുക്കി വിവരിക്കുക.

അല്ലെങ്കിൽ

(b) തിരക്കഥ എന്നാലെന്ത് ? ഷൂട്ടിംഗ് സ്ക്രിപ്റ്റുമായി ഇതിനുള്ള വ്യത്യാസം എന്ത് ?

15. (a) നാടകങ്ങളുടെ പ്രതാപകാലം അസ്തമിക്കാൻ കാരണമെന്ത്? പുതിയ കാലത്ത് നാടകങ്ങൾക്കുള്ള സാധ്യതയെക്കുറിച്ചെഴുതുക.

അല്ലെങ്കിൽ

(b) സാകേതം എന്ന നാടകത്തിനുള്ള പ്രത്യേകതകൾ വിശദമാക്കുക.

PART C — (5 × 8 = 40 marks)

600 വാക്കിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

16. (a) കഥകളിയിലെ വേഷങ്ങളെക്കുറിച്ചും വാദ്യോപകരണങ്ങളെക്കുറിച്ചും എഴുതുക.

അല്ലെങ്കിൽ

(b) നളചരിതത്തെ അടിസ്ഥാനമാക്കി ഉണ്ണായി വാരിയരുടെ രചനാപരമായ പ്രത്യേകതകൾ വിശകലനം ചെയ്യുക.

17. (a) ആക്ഷേപഹാസ്യത്തിന്റെ സാഹിത്യമൂല്യം തിരിച്ചറിഞ്ഞയാളാണ് കുഞ്ചൻ നമ്പ്യാർ - നിങ്ങളുടെ അഭിപ്രായമെഴുതുക.

അല്ലെങ്കിൽ

(b) തുള്ളൽ എന്ന കലാരൂപത്തിന്റെ ഉത്ഭവത്തെക്കുറിച്ചും പ്രത്യേകതകളെക്കുറിച്ചും വിവരിക്കുക.

18. (a) സംസ്കൃതനാടകങ്ങളുടെ ഘടനയും പ്രത്യേകതകളും വിവരിക്കുക.

അല്ലെങ്കിൽ

(b) മലയാളശാകുന്തളത്തിൽ പഠിക്കാനുള്ള ഭാഗത്തെ ആസ്പദമാക്കി വിവർത്തനത്തിന്റെ പ്രത്യേകതകൾ വിവരിക്കുക.

19. (a) കേരളത്തിന്റെ നവോത്ഥാനകാലചരിത്രത്തിൽ നാടകങ്ങൾ പ്രബലമായ പങ്കു വഹിച്ചിട്ടുണ്ട് - വിശദീകരിക്കുക.

അല്ലെങ്കിൽ

(b) പ്രൊഫഷണൽ നാടകങ്ങൾ, അമേച്വർ നാടകങ്ങൾ എന്നിവ തമ്മിലുള്ള വ്യത്യാസവും സാധ്യതകളും വിവരിക്കുക.

20. (a) തിരക്കഥാരചന സാഹിത്യമെഴുത്തിനുള്ള ഉപാധിയല്ലെന്നു പറയുന്നതെന്തുകൊണ്ട്? തിരക്കഥയുടെ പ്രത്യേകതകൾ വിവരിക്കുക.

അല്ലെങ്കിൽ

(b) അടൂർ ഗോപാലകൃഷ്ണന്റെ ഏതെങ്കിലും രണ്ടു സിനിമകളെ ആസ്പദമാക്കി അദ്ദേഹത്തിന്റെ ചലചിത്രശൈലി വിശദമാക്കുക.